# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4176**

### സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷത്തിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാൻ ഇറങ്ങുന്ന വ്യവസായി ആത്മഹത്യ ചെയ്യേണ്ട രീതിയിലുള്ള നിഷേധാത്മകമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | **(എ), (ബി) & (സി)** | സംസ്ഥാനത്ത് തികച്ചും വ്യവസായ സൗഹൃദാന്തരീക്ഷമാണ് നിലവിലുള്ളത് .നമ്മുടെ സംരംഭകർ ലോക ജനതയ്ക്ക് മുന്നിൽ നമ്മുടെ വ്യാവസായിക പ്രതിനിധികളാണ്. ആയതിനാൽ അവർ നേരിടുന്ന ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും മനസ്സിലാക്കി അതനുസരിച്ച് വ്യവസായ സൗഹൃദ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>കൂടാതെ സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി |
| **(ബി)** | ആന്തൂരിൽ സാജൻ എന്ന പ്രവാസിക്ക് ആത്മഹത്യ ചെയ്യേണ്ടി വന്ന സാഹചര്യവും അതിന് ശേഷം പ്രസ്തുത പ്രവാസിയുടെ കുടുംബത്തെപ്പോലും അവഹേളിക്കുന്ന രീതിയിൽ പ്രവർത്തനം ഉണ്ടായതും, പ്രവാസികളുടെ നിക്ഷേപത്തിന് എത്രമാത്രം ദോഷകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |
| **(സി)** | പുനലൂരിൽ ഒരു പ്രവാസി ഒരു രാഷ്ട്രീയ പാർട്ടിയുടെ നിഷേധാത്മകമായ നിലപാട് മൂലം ആത്മഹത്യ ചെയ്തിട്ടും അദ്ദേഹത്തിന്റെ കുടുംബത്തിന് സ്ഥാപനം തുടങ്ങുവാൻ ഒരു വർഷം കഴിഞ്ഞിട്ടും ലൈസൻസ് നൽകാതെ അവരെ ബുദ്ധിമുട്ടിച്ചത് സംസ്ഥാനത്തെ പ്രവാസി നിക്ഷേപകരോട് കാട്ടുന്ന അവഗണനയല്ലേ; | | |

| | | | |
|---|---|---|---|
| | | | രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | 2018 ജൂണിൽ തിരുവനന്തപുരത്ത് ഡിജിറ്റൽ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം നിസ്സാൻ കമ്പനിയുമായി കേരള സർക്കാർ ഒപ്പിട്ടുണ്ടോ, ഏകദേശം 16 മാസം കഴിഞ്ഞിട്ടും അവർ ആവശ്യപ്പെട്ട കാര്യങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കമ്പനി അധികൃതർ ചീഫ് സെക്രട്ടറിക്ക് കത്ത് നൽകേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; പ്രസ്തുത കത്തിലെ പരാമർശങ്ങൾ എന്തൊക്കെയാണ്; | (ഡി) | ഉണ്ട്. നിർണ്ണായകമായ ചില മേഖലകളിൽ നേരിടുന്ന വെല്ലുവിളികളിൽ പിന്തുണ അഭ്യർത്ഥിച്ച് നിസ്സാൻ ഡിജിറ്റൽ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ചീഫ് സെക്രട്ടറിയ്ക്ക് കത്ത് നല്കിട്ടുണ്ട്. അന്താരാഷ്ട്ര, പ്രാദേശിക വിമാന കണക്ടിവിറ്റി ഉടനടി വിന്യസിക്കാൻ കഴിയുന്ന പ്രഗൽഭരുടെ ലഭ്യത, അപര്യാപ്തമായ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് കത്തിലെ പരാമർശങ്ങൾ. മേൽ പ്രകാരം നല്കിയ കത്തിലെ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട് വിവിധ തലങ്ങളിൽ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷത്തിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപിക്കുമ്പോഴും തദനുസൃതമായി നടപടിക്രമങ്ങളിൽ വേഗത ഉണ്ടാകുന്നില്ലായെന്നത് വാസ്തവമാണോ; എങ്കിൽ ഇത് കൂടുതൽ ചലനാത്മകമാക്കുന്നതിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്? | (ഇ) | 'ഈസ് ഓഫ് ഡൂയിംഗ് ' നടപടിക്രമങ്ങൾ സംസ്ഥാനത്ത് ആദ്യമായി തുടങ്ങിയതേയുള്ളൂ. വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ ഏകീകരിച്ച് ഒരു ഒറ്റ നിയമം പാസ്സാക്കിയ രാജ്യത്തെ ആദ്യത്തെ ഏക സംസ്ഥാനം കേരളമാണ്. വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിവിധ വാണിജ്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഇൻവെസ്റ്റേഴ്സ് എന്നിവർക്കായി സംസ്ഥാനത്ത് ഉടനീളം 150 ഓളം പരിശീലനക്ലാസ്സ്/ബോധവൽക്കരണ സെമിനാറുകൾ നടത്തിയിട്ടുണ്ട്. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായ പുതിയ നിയമനിർമ്മാണവും, നിലവിലുള്ള 1999 ലെ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആക്ടിൽ ആവശ്യമായ ഭേദഗതികൾക്കുള്ള നിയമനിർമ്മാണ നടപടികളും ഈ സഭാ സമ്മേളനത്തിൽ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**